**പതിമൂന്നാം നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 596 **19.3.13.**ലെ മറുപടിക്ക്

**ഫാമിലി ബനഫിറ്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം**

| **ചോദ്യം**<br>**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ഉത്തരം**<br>**ശ്രീ.കെ.എം.മാണി (ബഹു.ധന.മന്ത്രി)** |
|---|---|
| (എ) സെക്രട്ടേറിയറ്റിൽനിന്നും ചീഫ് സെക്യൂരിറ്റി ഓഫീസറായി 2006-ൽ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞ എം.എ.ബഷീർ ഫാമിലി ബനിഫിറ്റ് സ്കീം പ്രകാരമുള്ള തന്റെ കോൺട്രിബ്യൂഷൻ തുക തിരിച്ചു കിട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോ? എങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷ എന്ന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ ? | 2006-ൽ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞ എം.എ.ബഷീർ ഫാമിലി ബനിഫിറ്റ് സ്കീം പ്രകാരമുള്ള തന്റെ കോൺട്രിബ്യൂഷൻ തുക തിരിച്ചു കിട്ടാൻ അപേക്ഷ ധനകാര്യവകുപ്പിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ ശ്രീ.ബഷീറിന്റെ ഭാര്യ ശ്രീമതി. റസിയബീഗത്തിന്റെ അപേക്ഷ 25.7.2011-ൽ ധനകാര്യവകുപ്പിൽ ലഭിച്ചു |
| (ബി) ബഷീറിന്റെ ഫാമിലി ബനിഫിറ്റ് സ്കീം പ്രകാരമുള്ള കണക്കുകൾ സൂക്ഷിക്കാൻ നിയമപ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ? | ചീഫ് സെക്യൂരിറ്റി ഓഫീസറായ ശ്രീ.ബഷീർ ഒരു ഗസറ്റഡ് ഓഫീസറായിരുന്നു. FBS-ന്റെ ചട്ടം (G.O.(P)No.405/77/Fin. dt. 19.10.1977) ഖണ്ഡിക 7 പ്രകാരം ഗസറ്റഡ്തസ്തികയിലുള്ള ജീവനക്കാരൻ FBS തുക അടയ്ക്കുന്നതിന്റെ കണക്കുകൾ സൂക്ഷിക്കാൻ ബാധ്യസ്ഥനാണ്. ഇത് സംബന്ധിച്ച് ഒടുക്കിയ തുകയുടെ കണക്ക് ട്രഷറി കണക്കുമായി ഒത്തുനോക്കി വകുപ്പ് മേധാവിയെ അറിയിക്കാൻ ബാധ്യസ്ഥനാണ്. അതിൻപ്രകാരം ഗസറ്റഡ് ജീവനക്കാരനും വകുപ്പ് മേധാവിയും കണക്കുകൾ സൂക്ഷിക്കാൻ ബാധ്യസ്ഥരാണ് |

| | |
|---|---|
| **സി)** 2006-ൽ സർവ്വീസിൽനിന്നു പിരിയുകയും പിൽക്കാലത്ത് മരണപ്പെടുകയും ചെയ്ത് 7 വർഷത്തിനുശേഷവും ആനുകൂല്യം നൽകാനാവാത്തതിന്റെ ഉത്തരവാദികൾ ആരൊക്കെയെന്ന് കണ്ടെത്തി അവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും, പരേതന്റെ കുടുംബത്തിനു ലഭിക്കേണ്ട ആനുകൂല്യം ഇതേവരെയുള്ള പലിശ സഹിതം അടിയന്തിരമായി നൽകുകയും ചെയ്യാൻ നിർദ്ദേശം നൽകുമോ? | നിർദ്ദേശം നൽകുന്നതാണ്. സർവ്വീസിൽനിന്നും വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ FBS തുക (അടച്ചതുകയും സർക്കാർ വിഹിതവും) അനുവദിക്കുന്നത് അതാത് വകുപ്പ് മേധാവികളാണ്. എന്നാൽ ഈ പദ്ധതിയിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങളും Option, Nomination, Annexure അനന്തരാവകാശിയുടെ രേഖകൾ ഇല്ലാതെ വരുന്ന അവസരങ്ങളിൽ സർക്കാർഅനുമതി ആവശ്യമാണ്. അന്തരിച്ച ശ്രീ.ബഷീറിന്റെ ഭാര്യയിൽനിന്നും ധനവകുപ്പിൽ അപേക്ഷ ലഭിച്ചിരിക്കുന്നത് 25.7.2011-ൽ മാത്രമാണ്. അപേക്ഷയോടൊപ്പം തുക അനുവദിക്കാനാവശ്യമായ രേഖകൾ സഹിതം പുന:സമർപ്പിക്കുവാൻ പോലീസ് മേധാവിക്ക് 6.8.2011-ൽ നിർദ്ദേശം നൽകിയിരുന്നു. മേൽപറഞ്ഞ രേഖകൾ 30.11.2012-ൽ മാത്രമാണ് ധനകാര്യവകുപ്പിന് ലഭിക്കുകയുണ്ടായത്. രേഖകൾ പരിശോധിച്ച് അർഹമായ 6,466/- രൂപ (ആറായിരത്തിനാനൂറ്റി അറുപത്തിയാറ് രൂപ) നൽകുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് G.O.(Rt)No.1166/2013/Fin. dt. 13.2.2013 പ്രകാരം തുക മാറി വിതരണം ചെയ്യുന്നതിന് വേണ്ടി പോലീസ് ആസ്ഥാനത്തെ അക്കൗണ്ട്സ് ഓഫീസർക്ക് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി. ഉത്തരവിന്റെ പകർപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ട്. അന്തരിച്ച ശ്രീ.ബഷീറിന്റെ തുക അനുവദിച്ചുനൽകുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുവാനും കാലതാമസം വരുത്തിയതിന് പലിശ അനുവദിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ പോലീസ്മേധാവിക്ക് നിർദ്ദേശം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ